# മാറാം
# നല്ല ശീലങ്ങളിലേക്ക്

## മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

**ഭരണം–എസ്റ്റേറ്റ്–സർകലാശാല ക്യാമ്പസിൽ അജൈവ വസ്തുക്കളുടെ ഉപയോഗം നിരോധിക്കുന്നത് സംബന്ധിച്ച്–ഉത്തരവ് പുറപ്പെടുവിക്കുന്നു.**

### ഭരണവിഭാഗം ബി മൂന്ന്

യു.ഒ.നം.3301/എസ്സ്.ഒ./006/2017/ഭരണം 01.06.2017

## ഉത്തരവ്

സർവ്വകലാശാല ക്യാമ്പസിൽ നടക്കുന്ന സൽക്കാരങ്ങൾ, പൊതുപരിപാടികൾ എന്നിവയുമായി ബന്ധപ്പെട്ട് അജൈവ വസ്തുക്കൾ കൊണ്ടുള്ള പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ യഥേഷ്ടം ഉപയോഗിച്ചു വരുന്നു. ഉപയോഗശേഷം ക്യാമ്പസിൽ തന്നെ ഉപേക്ഷിക്കപ്പെടുന്ന ഇവ വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്കു കാരണമാകുന്നു. ജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുകയും അജൈവമാലിന്യങ്ങളുടെ ഉപയോഗം കഴിയുന്നത്ര നിയന്ത്രിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ക്ലീൻ ക്യാമ്പസ് എന്ന ലക്ഷ്യം നേടാൻ കഴിയൂ.

ഈ ലക്ഷ്യം മുൻ നിർത്തിയുള്ള തീരുമാനങ്ങൾ സർവ്വകലാശാല ക്യാമ്പസിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പഠന വകുപ്പുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, ഗസ്റ്റ് ഹൗസ്, അസംബ്ലി ഹാൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ഉൾപ്പെടെ സർവകലാശാല ക്യാമ്പസിൽ വച്ചു നടത്തുന്ന സൽക്കാരങ്ങൾ, പൊതുപരിപാടികൾ എന്നിവയിൽ പേപ്പർ പ്ലാസ്റ്റിക് മറ്റ് അജൈവ വസ്തുക്കൾ ഉപയോഗിച്ചുള്ള ഗ്ലാസുകൾ, പ്ലേറ്റുകൾ, കവറുകൾ എന്നിവയുടെ ഉപയോഗവും കുടിവെള്ളം വാങ്ങുന്ന കുപ്പികളിൽ തന്നെ വിതരണം ചെയ്യുന്നതും കർശനമായി നിരോധിച്ച് കൊണ്ട് ബഹു. വൈസ്–ചാൻസിലർ ഉത്തരവായിരിക്കുന്നു. മേൽ പരമാർശിച്ച വസ്തുക്കൾക്ക് പകരം സ്റ്റീൽ/സെറാമിക്/ഫൈബർ തുടങ്ങിയവ കൊണ്ടുള്ള പുനരുപയോഗിക്കാവുന്ന ഉപകരണങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
തുളസീലാൽ ആർ.എൻ.
എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്കുവേണ്ടി

**പകർപ്പ്:**

1. എല്ലാ സെക്ഷനുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും സെന്ററുകൾക്കും
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ. എന്നിവരുടെ പി.എമാർ
4. ഏ.ആർ/ഡീ.ആർ/ജെ.ആർമാർ

...ന്റിന് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എംജി സർവ്വകലാശാല
... എല്ലാ സംഘടനാ ഓഫീസുകൾ 8. സർവ്വകലാശാല എഞ്ചീനിയർ ഇൻ ചാർജ്ജ്
...ക്യൂരിറ്റി ഓഫീസർ 10. എസ്.ബി.ഐ / പോസ്റ്റ് ഓഫീസ്
...ർ/മേട്രൺ 12. സെക്രട്ടറി, ക്യാമ്പസ് റസിഡെന്റ്സ് അസോസിയേഷൻ
...ിലുള്ള എല്ലാ കാന്റീനുകൾ/കിയോസ്കികൾ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ




എസ്റ്റേറ്റ് വിഭാഗം പ്രസിദ്ധീകരിക്കുന്നത്